വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സംഭരണം ഒരു കുടക്കീഴിൽ കൊണ്ടുവരിക, കരാർ/ടെണ്ടർ പ്രക്രിയയുടെ സുതാര്യതയും ഉറന്ന മത്സരവും ടെണ്ടറുകളുടെ രഹസ്യ സ്വഭാവവും കാത്തു സൂക്ഷിക്കുക, ടെണ്ടർ നടപടികളിലെ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി ടെണ്ടർ പ്രക്രിയ പൂർത്തീകരിക്കുക എന്നിവയാണ് ഇ-പ്രൊക്യൂർമെന്റ് എന്ന കടലാസുരഹിത സംവിധാനത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ദർഘാസ് പ്രമാണങ്ങൾ ഓൺലൈനിലൂടെ സമർപ്പിക്കുവാനുള്ള സൗകര്യം, തെരഞ്ഞെടുക്കാത്ത കരാറുകാരുടെ നിരതദ്രവ്യം ഓൺലൈനിലൂടെ, ഉടൻ മടക്കി നൽകുന്നതിനുള്ള സൗകര്യം, ഏറ്റവും ചുരുങ്ങിയ ചെലവിൽ പരമാവധി വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള സൗകര്യം, കരാറുകാർക്ക് ആരോഗ്യകരമായ ഉറന്ന മത്സരങ്ങൾക്കുള്ള സൗകര്യം, ദർഘാസ് വിവരങ്ങൾ എല്ലാവർക്കും ഒരുപോലെ ലഭിക്കുന്നതിനുള്ള സൗകര്യം എന്നിവ ഈ സംരംഭത്തിന്റെ മേന്മയാണ്.

(സി) 12-5-2015-ലെ സ.ഉ.(കൈ) നമ്പർ 13/2015/വി.സ.വ. സർക്കാർ ഉത്തരവ് പ്രകാരം 5 ലക്ഷത്തിനു മുകളിൽ മൂല്യം വരുന്ന എല്ലാ ടെണ്ടറുകളും നിർബന്ധമായി ഇ-സംഭരണം വഴി നടപ്പിലാക്കണമെന്ന് സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പദ്ധതിയുടെ ഏകോപനത്തിനും നടത്തിപ്പിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു നേതൃത്വ സമിതിയും ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും നിലവിലുണ്ട്. കരാറുകാർക്ക് ടെണ്ടർ ഫീസും നിരതദ്രവ്യവും നേരിട്ട് ഓൺലൈനിൽ അടയ്ക്കുന്നതിനായി ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കും കരാറുകാർക്കും പരിശീലനം നൽകുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ സഹായക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ആദിവാസി മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസം

25 (*55) ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള പരിമിതികൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൈബൽ യൂണിവേഴ്സിറ്റിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ആദിവാസി സമൂഹത്തിന് ആവശ്യമായ വിദ്യാഭ്യാസം ലഭ്യമാക്കാത്തത് ഈ വിഭാഗത്തിന് സാമൂഹികമായി മുന്നേറുന്നതിന് വിഘാതമാകുന്നതായി കരുതുന്നുണ്ടോ ;

(ഡി) പ്രസ്തുത മേഖലയിൽ വിദ്യാഭ്യാസ മുന്നേറ്റത്തിനായി ചെലവഴിക്കുന്നുക ഈ ആവശ്യങ്ങൾക്കായി തന്നെ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ടോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) മുപ്പത്തിയൊന്ന് ശതമാനത്തോളം പട്ടികവർഗ്ഗക്കാർ താമസിക്കുന്നത് ദുർഘട വനമേഖലയിലാണ്. തന്മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിച്ചേരാൻ അവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

പ്രസ്തുത പരിമിതികൾ തരണം ചെയ്ത് മികച്ച വിദ്യാഭ്യാസം അവർക്ക് ലഭ്യമാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ എന്നിവ സ്ഥാപിച്ചതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിദൂര പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോയി വരുന്നതിനായി 'ഗോത്രസാരഥി' പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) സ്ഥലം കണ്ടെത്തി പ്രാഥമിക നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആവശ്യമായ വിദ്യാഭ്യാസം നൽകുന്നതിന് ഉതകുന്ന നിരവധി പരിപാടികളും പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ സമൂഹത്തിന് മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ സൗകര്യം, ഗോത്രസാരഥി, വിദ്യോദയം പദ്ധതികളിലൂടെ വിദ്യാഭ്യാസത്തിന് എല്ലാവിധ സൗകര്യങ്ങളും ഇതിനകം തന്നെ നൽകിയിട്ടുണ്ട്. കൂടാതെ നഴ്സറിതലം മുതൽ ഉന്നതമായ വിദ്യാഭ്യാസത്തിന് വരെ സാമ്പത്തിക ധനസഹായം സർക്കാർ നൽകിവരുന്നുണ്ട്. ഈ സൗകര്യങ്ങളിലൂടെ സാമൂഹികമായ വലിയ മുന്നേറ്റം പട്ടികവർഗ്ഗ സമൂഹത്തിന് നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാ ഓഫീസർമാർ മുഖാന്തരം ഉറപ്പുവരുത്താറുണ്ട്. കൂടാതെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ ചെലവുകളുടെയും മോണിറ്ററിംഗ് വകുപ്പ് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly